Philadelphia REVIVAL CHURCH

HIS FULNESS
HIS FAITH
HIS COVENANT

ഏപ്രിൽ 2018

# റിവൈവൽ വോയ്സ്

റിവൈവൽ ചർച്ച് പ്രസിദ്ധീകരണം



ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല.

മത്തായി 16:18

- പാസ്റ്ററുടെ സന്ദേശം
- വചന പഠനം: സീയോൻ
- ക്രിസ്തീയ കൂട്ടായ്മയുടെ ഏഴു സൂചനകൾ
- വിശ്വാസ വീരന്മാർ - വില്യം കേറി

Private Circulation Only

www.prconline.org



# പാസ്റ്ററുടെ സന്ദേശം

കർത്താവിൽ പ്രീയരെ,

ഏപ്രിൽ മാസത്തിൽ നാം എത്തിയിരിക്കുന്നു, കൂടെ വസന്തകാലവും. കഴിഞ്ഞ ചില മാസങ്ങളിൽ വിചാരിച്ചതിലും കുറച്ചധികം മഞ്ഞു വീഴ്ച്ച നാം കണ്ടു. മഞ്ഞുകാലം കഴിയാറായില്ലേ എന്ന് തോന്നിപ്പോയി. ഒരു പക്ഷെ സണ്ടേസ്കൂൾ കുഞ്ഞുങ്ങൾ പാടിക്കാണും,

> "Snow Snow go away
> Come again another day
> Little PRCians want to play."

ദൈവീകവും സമതുലിതവുമായ ഒരു കാലാവസ്ഥക്കായി നമുക്ക് പ്രാർത്ഥിച്ചു കൂടെ? നമ്മുടെ കർത്താവായ യേശുക്രിസ്തുവിനു കാലാവസ്ഥ മാറ്റുവാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?

ഞാൻ വിശ്വസിക്കുന്നു.

**ഷിജു നൈനാൻ**

**പാസ്റ്റർ, ഫിലാഡൽഫിയ റിവൈവൽ ചർച്ച്**

# വചന പഠനം: സീയോൻ

***സങ്കീർത്തനങ്ങൾ 20:1 - 2 - [1]യഹോവ കഷ്ടകാലത്തിൽ നിനക്കു ഉത്തരമരുളുമാറാകട്ടെ; യാക്കോബിൻ ദൈവത്തിന്റെ നാമം നിന്നെ ഉയർത്തുമാറാകട്ടെ. [2]അവൻ വിശുദ്ധമന്ദിരത്തിൽനിന്നു നിനക്കു സഹായം അയക്കുമാറാകട്ടെ. സീയോനിൽനിന്നു നിന്നെ താങ്ങുമാറാകട്ടെ.***

ഈ നാളുകളിൽ നമ്മിൽ ഉൾനട്ട പുതുമനുഷ്യനെക്കുറിച്ച് നാം വളരെ കേൾക്കുന്നുവല്ലോ. അതിനോട് ചേർന്ന്, ദൈവം നമ്മിലും നമ്മിലൂടെയും എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മുകളിൽ ഉദ്ധരിച്ചിരിക്കുന്ന സങ്കീർത്തനഭാഗം വ്യക്തമാക്കുന്നു.

വചനം കേൾക്കുന്നവരെ ദാവീദ് അനുഗ്രഹിക്കുകയും അവർ സീയോനിൽ നിന്നും ശക്തരാകട്ടെ എന്ന് പ്രഖ്യാപിക്കയും ചെയ്യുന്നു.

നമ്മിൽ നടപ്പെട്ട പുതിയ മനുഷ്യനെ സൂചിപ്പിക്കുന്നതത്രെ സീയോൻ. നമ്മിൽ സ്ഥാപിതമായ പുതിയ/ ഉൾനട്ട/ ഗുപ്തമായ ഈ മനുഷ്യൻ പുനരുദ്ധാനം ചെയ്ത യേശുക്രിസ്തുവത്രേ.

ഈ സീയോനിൽ ജീവനും ഭക്തിക്കും വേണ്ടതെല്ലാം നമുക്കുണ്ടെന്നു ഉറപ്പോടെ വിശ്വസിക്കാം. നമ്മിൽ ഉൾനട്ട ഈ സീയോനിൽ കൂടെ **എന്തും ചെയ്യാൻ** പ്രാപ്തരാണെന്നും നമുക്കു വിശ്വസിക്കാം.

*2 പത്രൊസ് 1: 2 - 4 [2]ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പരിജ്ഞാനത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ. [3] തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവന്നും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തി രിക്കുന്നുവല്ലോ. [4] അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു.*

*ഫിലിപ്പിയർ 4:13 എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു.*

യെശയ്യാവ് പ്രവാചകൻ വിളിച്ചുപറഞ്ഞ സീയോനിലെ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും അടിസ്ഥാനക്കല്ലുമായ, പുനരുദ്ധാനം ചെയ്ത യേശുക്രിസ്തുവത്രേ, നമ്മെ ശക്തനാക്കുന്നവൻ. (*യെശയ്യാവ് 28:16 അതുകൊണ്ടു യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല.*)

നമ്മുടെ ആത്മവിശ്വാസത്താൽ നമുക്ക് എന്തും ചെയ്യാൻ സാധിക്കും എന്ന തരത്തിൽ ഉള്ള ഉപദേശങ്ങൾ ലോകമെങ്ങും ഇതിനു സമാന്തരമായി പഠിപ്പിക്കുന്നുണ്ട്. നമുക്കതു സാധ്യമാണ്, നമുക്കതുണ്ട്, എന്ന് മറ്റും ഈ പഠനം പറയുന്നു. വ്യത്യസ്തവും സത്യസന്ധവുമായ വിധത്തിലാണ് നാം ഈ വിഷയത്തെ നോക്കി കാണുന്നത്.

സങ്കീർത്തനങ്ങൾ 20 ന്റെ തുടർന്നുള്ള വാക്യങ്ങളിൽ ദൈവദത്തമായ ഒരു കാഴ്ചപ്പാടിന്റെ പ്രതിച്ഛായ കാണാം.

*സങ്കീർത്തനങ്ങൾ 20:5-6 [5]ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും; ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും; യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവർത്തിക്കുമാറാകട്ടെ. [6]യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു; അവൻ തന്റെ വിശുദ്ധസ്വർഗ്ഗത്തിൽനിന്നു തന്റെ വലങ്കയ്യുടെ രക്ഷാകരമായ വീര്യപ്രവൃത്തികളാൽ അവന്നു ഉത്തരമരുളും.*

നാം വ്യക്തമായും കൃത്യമായും ശ്രദ്ധിക്കേണ്ട കാര്യം ഇനി പറയുന്നതാണ്; നമ്മിലൂടെയും നമ്മിലുള്ള ക്രിസ്തുവാകുന്ന പുതു മനുഷ്യനിലൂടെയും നമ്മുടെ സ്വർഗ്ഗീയപിതാവ് പ്രവർത്തിക്കുവാൻ താല്പര്യപ്പെടുമ്പോൾ, നമ്മുടെ ആത്മവിശ്വാസം നമ്മിലോ നമ്മുടെ പുതുമനുഷ്യനിലോ അല്ല, പിന്നെയോ നമ്മുടെ സ്വർഗ്ഗീയപിതാവിൽ തന്നെയാണ്.

അല്പം കൂടെ വിശദീകരിക്കട്ടെ; ഒരു വ്യക്തിക്ക് സീയോനിൽ നിന്നു തന്നെ സഹായം ലഭ്യമാകട്ടെ എന്ന താല്പര്യത്തോടെയാണ് ദാവീദ് ഈ സങ്കീർത്തനം ആരംഭിച്ചിരിക്കുന്നത്. ഈ സീയോൻ നമ്മിൽ ഉൾനട്ട പുനരുദ്ധാനം ചെയ്ത ക്രിസ്തുവത്രേ. ഈ ആശയങ്ങൾ നാം പഠിച്ചുകൊണ്ടിരിക്കുന്ന സത്യങ്ങളുമായി യോജിക്കുന്നതാണ്.

യേഹേസ്കേൽ 36 ൽ പറയും പോലെ നമ്മിൽ ഒരു പുതിയ ആത്മാവും ഒരു പുതിയ ഹൃദയവും ഉണ്ട്. നാം കർത്താവായ യേശുക്രിസ്തുവിൽ വീണ്ടും ജനനം പ്രാപിച്ചപ്പോളാണ് നാമത് സ്വീകരിച്ചത്.

*യേഹേസ്കേൽ 36:26-27 [26]ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. [27] ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും.*

**നമ്മിലൂടെയും നമ്മിലുള്ള ക്രിസ്തുവാകുന്ന പുതു മനുഷ്യനിലൂടെയും നമ്മുടെ സ്വർഗ്ഗീയപിതാവ് പ്രവർത്തിക്കുവാൻ താല്പര്യപ്പെടുമ്പോൾ, നമ്മുടെ ആത്മവിശ്വാസം നമ്മിലോ നമ്മുടെ പുതുമനുഷ്യനിലോ അല്ല, പിന്നെയോ നമ്മുടെ സ്വർഗ്ഗീയപിതാവിൽ തന്നെയാണ്.**

നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുക്രിസ്തുവിനെ നോക്കിക്കൊണ്ടു, അവന്റെ എല്ലാ പദ്ധതികളും പൂർത്തീകരിക്കാൻ സഹായിക്കുവാനായി നമുക്ക് പ്രാർത്ഥിക്കാം.

# ക്രിസ്തീയ കൂട്ടായ്മയുടെ ഏഴു സൂചനകൾ

*സങ്കീർത്തനങ്ങൾ 133*
*[1] ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!*
*[2] അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലം പോലെയും*
*[3] സീയോൻ പർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യ മഞ്ഞു പോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.*

മുകളിൽ പറഞ്ഞ വേദഭാഗത്തിൽ നിന്നും യഥാർത്ഥ ക്രിസ്തീയ കൂട്ടായ്മയുടെ ഏഴു പ്രത്യേകതകൾ താഴെപ്പറയുന്നു.

1. ക്രൈസ്തവഐക്യമുള്ള ഒരു ക്രിസ്തീയ കൂട്ടായ്മ അതിൽ തന്നെ, വിലയേറിയ അഭിഷേകതൈലം പോലെയാണെന്ന് ഇവിടെ കാണുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യതയും ഇവിടെ പ്രതിഫലിക്കുന്നു. തീർച്ചയായും അതൊരു അനുഗ്രഹവും അഭിഷേകവുമത്രെ.

2. ഇത് ഉയരത്തിൽ നിന്നും ഉത്ഭവിച്ചു ഒഴുകിവരുന്നു. ഐക്യത കർത്താവിൽ നിന്ന് തന്നെ ആരംഭിക്കണമെന്നു നാം വ്യക്തമായും അറിയണം. നാമായി ഒരുമിച്ചു ആലോചിച്ചു കൂടിയതല്ല, പിന്നെയോ കർത്താവു നമ്മെ കൂട്ടിവരുത്തിയതുകൊണ്ടാണ്. ആരംഭിച്ചത് ക്രിസ്തുവിലത്രെ, താൻ നമ്മെ നിലനിർത്തുക തന്നെ ചെയ്യും.

3. ഈ കൂട്ടായ്മ തന്നെ അഭിഷേകത്തിന്റെ ഒരനുഭവമാണ്. കർത്താവു നട്ടുവളർത്തുന്ന എല്ലാ സഭകൾക്കും എന്നപോലെ നമ്മുടേതായ(സ്വന്തമായ) ഒരു കാഴ്ചപ്പാട് നമുക്കും ഉണ്ട്. ക്രിസ്തുവിന്റെ ശരീരത്തിന്റെ അഭിഷിക്തമായ ആവിഷ്ക്കാരമാണ് ഒരു സഭ. ഓരോ സഭ കൊണ്ടും ദൈവത്തിനു ഒരുദ്ദേശമുണ്ട്, അതിനുതക്കതായ അഭിഷേകവുമുണ്ട്. ഈ അഭിഷേകത്തിൽ കൂടെയത്രേ ഒരു ദേശത്തെത്തന്നെ വീണ്ടെടുക്കുവാനും തന്നോട് ചേർക്കുവാനും ദൈവം താല്പര്യപ്പെടുന്നത്.

4. *ഇതാ, സഹോദരന്മാർ .......................... ആകുന്നു!* എന്ന ഒന്നാമത്തെ വാക്യം ശ്രദ്ധിക്കുക. നാമായി നമുക്ക് ജീവിക്കുവാൻ സ്വാതന്ത്ര്യം ഉള്ളപ്പോൾത്തന്നെ, മറ്റുള്ളവർക്കും ആ സ്വാതന്ത്ര്യമുണ്ടെന്ന് നാം തിരിച്ചറിയണം. കർത്താവിനായി പ്രയോജനപ്പെടണമെങ്കിൽ വ്യക്തികളിൽ മാറ്റം വരേണ്ടതുണ്ട്. അതിനായി നാം അവരെ സ്നേഹിക്കയും അവരുടെ കുറവുകളിൽ സഹിഷ്ണത പ്രകടിപ്പിക്കുകയും ക്രിസ്തുവിന്റെ ആത്മാവിൽ അവർക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിക്കയും ചെയ്കയത്രേ വേണ്ടത്.

5. നാം 1കൊരിന്ത്യർ 13 മാതൃകയാക്കിയ ജീവിതങ്ങൾ ആയിത്തീരട്ടെ. മറ്റുള്ളവർ നമ്മിൽ യേശുവിനെ കാണട്ടെ.

6. **ക്രിസ്തീയ കൂട്ടായ്മയിൽ** ആത്മീകവും, സ്നേഹനിർഭരവുമായ ഒരു വേർപാടുണ്ട്. താഴെ പ്രതിപാദിക്കുന്ന ചില സംഭവങ്ങൾ ശ്രദ്ധിക്കുക.

- കൊരിന്ത് സഭയിൽ ദുർമാർഗിയായ ഒരു വിശ്വാസിയുണ്ടായിരുന്നു. ആ വ്യക്തിയെ സഭയിൽ നിന്നും പുറത്താക്കുവാൻ പൗലോസ് താൽപ്പര്യപ്പെട്ടു.

പൗലോസ് ക്രൂരനോ, ഗർവിഷ്ടനോ ആയിരുന്നതായി നമ്മൾ ചിന്തിച്ചേക്കാം , എന്നാൽ അദ്ദേഹം അങ്ങനെയായിരുന്നില്ല, ആ വ്യക്തി ക്രിസ്തുവിനോടൊപ്പം സദാകാലം ചേർക്കപ്പെടണമെങ്കിൽ സഭയുടെ കൂട്ടായ്മയിൽ നിന്നും ഒറ്റപ്പെടുത്തേണ്ടിയിരുന്നു എന്ന് പൗലോസിനറിയാമായിരുന്നു. നാം കുറ്റമില്ലാത്തവരായി, പരിപൂർണ്ണതയോടെ പിതാവിന്റെ മുൻപിൽ നിൽക്കേണം എന്നതു കർത്താവിന്റെ ശ്രേഷ്ഠമായ ഒരാഗ്രഹമത്രേ.

- മോശയുടെ സഹോദരിയായ മിറിയം ഒരവസരത്തിൽ അദ്ദേഹത്തോട് എതിർത്ത് നിൽക്കുന്നതായി കാണാം.

മോശയുടെ പ്രവർത്തി തനിക്കു ഇഷ്ടമായില്ല. തന്റെ ജ്യേഷ്ഠ സഹോദരനു മൊത്തു താൻ മോശക്ക് എതിരെ പിറുപിറുത്തു. കുറച്ചു നാളത്തേക്ക് ദൈവം മിറിയാമിനെ പാളയത്തിൽ നിന്നും പുറത്താക്കി.

ഇപ്രകാരമുള്ള വേർപാടിന്റെ അവസ്ഥയിൽ അവരവരുടെ തെറ്റുകൾ തിരുത്തി അവർ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരേണ്ടതിനത്രേ ദൈവം ഇപ്രകാരം പ്രവർത്തിക്കുന്നത്.

ആയതിനാൽ സഭയെ, നിങ്ങളിൽ നിന്നും കർത്താവു വേർപെടുത്തിയതിനോട് നിങ്ങളായി ചേരരുത്. ദൈവത്തോടും തന്റെ ക്രിസ്തുവിനോടും എപ്പോഴും ബന്ധപ്പെട്ടിരിക്ക. ഒരിക്കലും നാം ദൈവമാകരുത്.

7. എല്ലാം ദൈവത്തിൽ അർപ്പിക്ക, ദൈവം നടത്തട്ടെ. നിങ്ങളുടെ പ്രതികരണങ്ങളിൽ സ്വസ്ഥരായിരിക്ക.

# വിശ്വാസ വീരന്മാർ - വില്യം കേറി

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

## സുവിശേഷത്തിന്റെ ഉജ്ജ്വലഗ്നിയും പ്രാഥമിക ക്രിസ്ത്യാനികളും

1800 ജനുവരി 10 - നു സെറാംപൂരിലേക്കു താമസം മാറ്റിയ കേറി, അവിടുത്തെ നാട്ടുകാരോട് സുവിശേഷം അറിയിക്കുവാൻ ഉത്സാഹിച്ചു. ഒരു അപ്പോസ്തോലനാകുവാനുള്ള പരിശീലനം പൂർത്തീകരിച്ച അദ്ദേഹം, അതിനുശേഷം തന്റെ ജീവിതവസാനത്തോളം ഏകദേശം മുപ്പത്തിനാലു വർഷത്തോളം പൂർണ്ണസമയം ഒരപ്പോസ്തോലനായി പ്രവർത്തിച്ചു. തന്നോടൊപ്പം പ്രവർത്തനത്തിനായി അവിടെയെത്തിയ പ്രവർത്തകരിൽ മൂന്നുപേർ താമസിയാതെ മരണത്താൽ വേർപെട്ടു. എന്നാൽ വില്യം കേറി, ജോഷ്വ മാർഷ്മാൻ, വില്യം വാർഡ് എന്നിവർ 'സെറാംപൂർ മൂവർ' എന്ന പേരിൽ പ്രസിദ്ധരായി.
വർഷങ്ങളോളം കേറി ബംഗാളിൽ സുവിശേഷ പ്രചരണം നടത്തിയെങ്കിലും ഫലവത്തായി ഒന്നും തന്നെ കാണുവാൻ സാധിച്ചില്ല, എങ്കിലും അദ്ദേഹം ക്രിസ്തുവിൽ പ്രത്യാശവെച്ചു. സുവിശേഷഘോഷണത്തിന്റെ അടിസ്ഥാനമെന്നവണ്ണം പുതിയനിയമത്തിന്റെ ആദ്യ പുസ്തകപതിപ്പ് പൂർത്തിയാക്കി. 1800 നവംബർ 25 - നു ഹിന്ദുവായിരുന്ന ഫക്കിർ എന്നയാൾ സ്നാനമേറ്റു. എന്നാൽ ദൂരെയുള്ള തന്റെ ഗ്രാമത്തിലേക്ക് പോയ അദ്ദേഹം പക്ഷെ തിരികെ വന്നില്ല, എങ്കിലും നിരാശനാകാതെ കേറി ക്രിസ്തുവിൽ തന്നെ പ്രത്യാശവെച്ചു.

ആ വർഷാവസാനത്തിനു മുൻപ് ഹുഗ്ലിയിൽ കൃഷ്ണ പാൽ എന്ന വ്യക്തി സ്നാനമേറ്റു, അധികം താമസിക്കാതെ തന്നെ അദ്ദേഹത്തിന്റെ കുടുംബവും വിശ്വാസത്തിലേക്ക് വന്നു. കൃഷ്ണ പാൽ വടക്കേ ഇന്ത്യയിലെ ആദ്യ വിശ്വാസിയും, കൽക്കത്ത, ആസ്സാം എന്നിവിടങ്ങളിലേക്കുള്ള ആദ്യ സുവിശേഷകനും, ആദ്യമായി ബംഗാളിൽ ക്രിസ്തീയ ഗാനങ്ങൾ രചിച്ചയാളുമായിരുന്നു.

ഉയർന്ന ജാതിയിൽ നിന്നും വ്യക്തികൾ വിശ്വാസത്തിലേക്ക് ചേർന്നുവന്നു. സെറാംപൂരിലെ ഒരു ലഘുലേഖയിൽ കൂടെ ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നുവന്ന എഴുത്തു കുലത്തിൽ പെട്ട പെട്ടുമ്പർ സിങ്ങ് എന്ന വ്യക്തി നല്ലൊരു സ്കൂൾ അദ്ധ്യാപകനും പ്രാസംഗികനുമായി കേറിക്കു നല്ലവണ്ണം പ്രയോജനപ്പെട്ടു. ഇസ്ലാം മതത്തിൽ നിന്നും ആദ്യമായി വിശ്വാസത്തിലേക്ക് വന്നത് പെറു എന്നൊരാളായിരുന്നു.

ബ്രാഹ്മണകുലത്തിൽ നിന്നും ആദ്യമായി വിശ്വാസത്തിലേക്ക് വന്നത് കൃഷ്ണ പ്രസാദ് എന്ന വ്യക്തിയായിരുന്നു. തുടർന്നു ബ്രാഹ്മണരിൽ നിന്നും മറ്റുജാതികളിൽ നിന്നും കൂടുതൽ ചേർക്കപ്പെട്ടു കൊണ്ടേയിരുന്നു. അങ്ങനെ സെറാംപൂരിൽ ഒരു മിഷൻ വയൽ സ്ഥാപിതമായി. ഒരു ഡാനിഷ് കപ്പലിൽ ഇന്ത്യയിലേക്ക് വന്ന ധനികയും

വിദ്യാസമ്പന്നയുമായ ലേഡി റൂമാർ എന്ന വനിത, സെറാംപൂരിലേക്കു വരുവാൻ ഇടയായി. മിഷനറി കുടുംബങ്ങളുടെ സമീപം സ്വവസതി നിർമ്മിച്ച് അവിടെ താമസമാക്കിയ അവർ താമസിയാതെ മിഷൻ പ്രവർത്തനങ്ങളിൽ വളരെ താല്പര്യമുള്ളവരായി തീരുകയും ചെയ്തു. അങ്ങനെ ഡൊറോത്തിയുടെ മരണത്തിനു ഏതാനം മാസങ്ങൾക്കുശേഷം, 1808 ൽ ലേഡി റൂമാർ, വില്യം കേറിയുടെ ഭാര്യയായി തീർന്നു. അവരുടെ മരണം വരെ പതിമൂന്നു വർഷങ്ങളോളം കേറിക്കു മനപ്പൊരുത്തമുള്ള ഒരു സഖിയെയും, ശരിയായ ഒരു കുടുംബജീവിതവും ലഭിച്ചു.

ആദ്യനാളുകൾ മുതൽ തന്നെ കേറിയുടെ മിഷനറി പ്രവർത്തന രീതി പ്രസംഗിക്കുക, പഠിപ്പിക്കുക, പരിഭാഷപ്പെടുത്തുക എന്നിങ്ങനെയായിരുന്നു. എന്നാൽ വരും തലമുറയെക്കരുതി വിദ്യാലയങ്ങൾ തുറക്കുവാൻ കേറി എപ്പോഴും ഉത്സാഹിച്ചിരുന്നു.

അദ്ധ്യാപകർ എന്നനിലയിൽ വളരെ പ്രഗത്ഭരും ഉത്സുകരുമായ മാർഷ് മാനും അദ്ദേഹത്തിന്റെ ഭാര്യയും, കേറിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ചേർന്ന് 1800 - ൽ ഒരു സൗജന്യ വിദ്യാലയം തുറന്നു. ഏകദേശം അമ്പതു കുട്ടികൾ അവിടെ പഠിക്കുന്നതിനായി ചേർന്നുവെങ്കിലും കുട്ടികൾ മതം മാറിയാലോ എന്നു നാട്ടുകാർ ഭയപ്പെട്ടിരുന്നു. അവരുടെ സംശയദൂരീകരണത്തിനായി വിദ്യാലയത്തിന്റെ അച്ചടക്കവും സഹിഷ്ണതയും ഉൾപ്പെടുന്ന പെരുമാറ്റ ചട്ടങ്ങൾ എന്തെല്ലാമെന്ന് അവർക്കു വ്യക്തമാക്കി കൊടുത്തു. “കുട്ടികളെ ജാതിമാറ്റത്തിനായി നിർബന്ധിക്കുന്ന ഒന്നിനും തന്നെ പഠിപ്പിക്കുകയില്ല, ജാതി സമ്പ്രദായത്തെ ഞങ്ങൾ വെറുക്കുന്നുവെങ്കിലും സ്വന്തഇഷ്ടത്താൽ തിരഞ്ഞെടുത്തിട്ടല്ലാതെ ആർക്കും തന്നെ അത് നഷ്ടപ്പെടണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല." എന്നുള്ള ഉറപ്പും കൊടുത്തു.

# Recipe Corner

**Banana Raisin Bread** **Shared by: Sis. Leela George**

**Ingredients:**

| | |
|---|---|
| 3 – Overripe banana | 1 ½ Tsf - Baking Powder |
| ¾ Cup – Brown Sugar | ¼ Cup – Vegetable Oil |
| ½ Cup – Black raisins | 1 – Egg |
| ¾ Tsf – Salt | ½ Cup – Milk |
| ½ Tsf – Baking Soda | 1 ¾ Cup – All-purpose flour |

**Directions:** Mix all dry ingredients (flour, baking soda, baking powder, salt). Mix egg, milk, oil, add sugar, add banana mashed. Add raisins. Pour the batter in prepared pan. Bake 55 – 60 mins. Preheat the oven to $350^0$ F. Pan size: 9 x 5 inch. Apply butter and put parchment paper in the pan to avoid sticking.

# JUNGLE GUIDE

A Joyful 'toon by Mike Waters




www.joyfultoons.com © 2008 Michael D. Waters

Howbeit when he, the Spirit of truth, is come, he will guide you into all truth: for he shall not speak of himself; but whatsoever he shall hear, that shall he speak: and he will shew you things to come.

– John 16:13 KJV

## Jesus The Way : Word Search

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| A | X | N | G | L | H | L | X | H | T | M | Y | X | W | Z | Z | X | L | S | B |
| O | E | I | C | M | E | X | I | B | V | C | V | E | J | Z | Y | X | R | D | E |
| D | P | E | H | E | T | H | C | F | X | I | S | S | J | F | D | U | Z | C | L |
| R | C | D | Y | R | D | A | A | J | E | N | S | T | K | N | T | M | A | G | H |
| C | M | W | A | A | R | K | B | N | O | T | W | T | G | V | U | L | F | S | A |
| L | G | E | S | P | S | L | W | I | I | L | B | Q | V | X | P | Y | B | L | W |
| H | H | Q | A | E | A | U | S | Q | J | C | H | I | R | O | U | Y | D | S | O |
| T | P | U | O | R | Z | N | I | M | E | Z | Y | T | F | R | S | X | J | F | F |
| U | I | C | C | P | A | Y | K | N | N | Q | P | C | G | Y | G | I | L | M | C |
| R | S | D | O | M | D | A | H | E | F | R | E | Y | X | K | X | D | K | E | D |
| T | P | B | I | E | N | W | U | C | N | O | V | C | D | X | X | C | K | O | X |
| R | F | U | G | Z | M | N | T | A | S | S | K | E | I | S | I | G | R | B | F |
| G | Q | A | N | P | R | W | N | L | S | S | Y | O | R | N | E | Q | O | O | Z |
| R | A | F | T | G | U | R | W | V | X | Q | S | X | L | A | U | V | M | M | E |
| O | J | M | P | H | O | B | N | E | B | Z | C | G | C | W | N | G | K | A | Q |
| Q | L | Q | T | R | E | D | O | Y | R | M | B | B | O | Y | Y | B | J | X | B |
| L | A | S | C | X | Y | R | O | J | M | A | D | H | U | E | Y | R | Y | K | I |
| S | U | C | U | B | Z | P | I | S | M | P | A | K | F | T | F | B | W | C | B |
| O | J | G | B | E | L | I | E | V | E | D | T | N | G | S | M | R | N | C | J |
| W | B | P | U | J | T | W | W | R | O | U | U | Q | J | A | J | Y | K | D | E |

(?)HEART
(?)BELIEVE
(?)GOD
(?)PLACE
(?)MANSIONS
(?)PREPARE
(?)WAY
(?)TRUTH
(?)LIFE
(?)FATHER

## പ്രതികരണങ്ങൾ സ്വാഗതം:

നിങ്ങളുടെ സഭാ മാഗസിനെപറ്റിയുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും താഴെയുള്ള കോളത്തിൽ എഴുതി ഓഫർട്ടറി ബോക്സിൽ ഇടുക.

…………………………………….Cut Here…………………………………………………………….

Feedback & Comments:

______________________________________________________________

______________________________________________________________

______________________________________________________________

______________________________________________________________

Name(Optional):

## UPCOMING EVENTS ....

- All-Night Prayer in last week of April at the residence of Ps. Shiju Ninan
- 3 Day Fasting Prayer on May 25, 26 & 27, 2018 at the residence of Br. Cherian.
- Church Out Reach Program in June last week.

Additional Comments:

______________________________________________________________

______________________________________________________________

______________________________________________________________

______________________________________________________________

______________________________________________________________

______________________________________________________________

# Event Schedule

**Sunday Service**
09:30 AM - 11:00 AM : Malayalam Worship
11:30 AM - 1:00 PM : English Worship
1:10 PM – 2:00 PM : Urdu Worship

10:00 AM - 11:15 AM : Sunday School

**Special Worship(In Church):** Friday 6:30 PM - 8:30 PM

**Youth Meetings:** Friday 7:00 PM - 9:00 PM

**Bible Study(In Homes):**
Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM

**Cell Meetings:**
Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM

For more details please call us at 215-673-4967